(ബി) നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

(സി) പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട പരിശോധന നിലവിൽ നടത്തുന്നത് വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിലാണ്. കൃഷി വകുപ്പിന്റെ ശിപാർശയോടുകൂടി വരുന്ന സാമ്പിളുകൾ സൗജന്യമായി പരിശോധിക്കുന്നു. എന്നാൽ സ്വകാര്യ സാമ്പിളുകൾക്ക് 3500 രൂപ മുതൽ 8000 രൂപവരെ പരിശോധനാ ഫീസ് ഈടാക്കുന്നതാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) പരിഗണിക്കാവുന്നതാണ്.

കയ്യാട് സമഗ്ര കൃഷി വികസന പദ്ധതി

117 (1521) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യാട് സമഗ്ര കൃഷി വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രോജക്ടിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കയ്യാട് കൃഷി വികസന ഏജൻസി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേന്ദ്ര കൃഷി വകുപ്പിന്റെ കീഴിലുള്ള പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും കയ്പ്പാട് പദ്ധതി പുതിയ ഗൈഡ് ലൈൻസ് പ്രകാരം പുതുക്കി നൽകുന്നതിനായുള്ള അറിയിപ്പ് പദ്ധതിയുടെ കാർഷിക സർവ്വകലാശാലയിലെ പ്രോജക്ട് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. കേന്ദ്ര കൃഷി വകുപ്പിൽനിന്നും പദ്ധതി സ്ഥലം സന്ദർശിച്ചവരുടെ നിർദ്ദേശ പ്രകാരവും പുതുക്കിയ വിശദമായ പദ്ധതി കാർഷിക സർവ്വകലാശാല കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

(ബി) കയ്പ്പാട് സമഗ്ര കൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി ഒരു അഡൈ്വസറി കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly